# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5958** **19.11.2019-ൽ മറുപടിക്ക്**

## കരുനാഗപ്പള്ളി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) 2016 ജൂൺ മാസത്തിനു ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സമ്പൂർണ വൈദ്യുതീകരണം, ഡി ഡി യു ജി ജെ വൈ (DDUGJY) സ്കീം , ഐ പി ഡി എസ്(IPDS) സ്കീം ,ദ്യുതി എന്നീ പദ്ധതികളാണ് കരുനാഗപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി യത്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 11.51 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 42.28 കി.മീ.11 കെ.വി ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും, 0.16 കി.മീ ഭൂഗർഭ കേബിൾ സ്ഥാപിക്കു കയും, 48.35 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കു കയും, 18.16 കി.മീ ലോ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും, 45 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 66.21 കി.മീ ലോ ടെൻഷൻ ലൈൻ കൺവെർഷൻ നടത്തുകയും, 0.25 കി.മീ 11 കെ.വി കണ്ടക്ടർ മാറ്റി സ്ഥാപിക്കുകയും, 384.89 കി.മീ ലോ ടെൻഷൻ കണ്ടക്ടർ മാറ്റി സ്ഥാപിക്കുകയും, 791 എണ്ണം ബി.പി.എൽ സർവീസ് കണക്ഷനും 6284 എണ്ണം ഇതര സർവീസ് കണക്ഷനും നൽകി. |
| (ബി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി യെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയുൾ പ്പെടെയുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ ? | (ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണപ്രവർത്തനത്തിനായി 10.192 കി.മീ സിംഗിൾ ഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് 750 സർവീസ് കണക്ഷൻ നൽകുന്നതിനു 58,00,882/- രൂപയുടെ എസ്റ്റിമേറ്റ് തുകയാണ് തയ്യാറാക്കിയി രുന്നത്. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 23 ലക്ഷം രൂപയും തഴവ ഗ്രാമ പഞ്ചായത്തിൽ നിന്നും 3,31,800/- രൂപയും, 1,66,286/- രൂപ പട്ടിക ജാതി/ പട്ടിക വർഗ വകുപ്പ് ഫണ്ട് ഉൾപ്പെടെ ആകെ 27,98,086/- രൂപയാണ് വകയിരുത്തിട്ടുള്ളത്. ബാക്കി തുകയായ 30,02,796/- രൂപ കെ.എസ്.ഇ.ബിയുടെ തനതു ഫണ്ടിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ